പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2019–2021)

## നാലാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി 7-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി

## (2019–2021)

## നാലാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി 7-ാം തീയതി സമർപ്പിച്ചത്)

211/2019.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1 |
| 4. | അനുബന്ധം 1 | .. | 8 |
| | അനുബന്ധം 2 | .. | 9 |
| | അനുബന്ധം 3 | .. | 11 |
| | അനുബന്ധം 4 | .. | 13 |
| | അനുബന്ധം 5 | .. | 17 |
| | അനുബന്ധം 6 | .. | 19 |
| | അനുബന്ധം 7 | .. | 20 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2016-2019)

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. എ. പ്രദീപ്കുമാർ.

അംഗങ്ങൾ :

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. മാതൃഭൂമി ന്യൂസ് ചാനലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് സംബന്ധിച്ച് സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

മാതൃഭൂമി ന്യൂസ് ചാനൽ 2017 മാർച്ച് 13-ന് രാത്രി സംപ്രേഷണം ചെയ്ത 'സൂപ്പർ പ്രൈം ടൈം' പരിപാടിയിൽ അന്നേദിവസം ബഹു. സ്പീക്കർ സഭയിൽ നൽകിയ ഒരു റൂളിംഗിനെ വിശകലന വിധേയമാക്കുകയും റൂളിംഗിനെ അപലപിക്കുകയും സ്പീക്കർ പക്ഷപാതപരമായി പെരുമാറിയെന്ന് ആക്ഷേപിക്കുകയും ചെയ്തതായി ആരോപിച്ചുകൊണ്ട് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. പ്രസ്തുത ചാനലിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടി 15-3-2017-ന് ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് സമർപ്പിച്ചിരുന്നു. പ്രസ്തുത നോട്ടീസ് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 17-3-2017-ന് ബഹു.സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു. 2017 മെയ് 11, 15, 2017 ജൂൺ 26, 2017 ജൂലൈ 5, 2018 ജൂലൈ 18, 2018 സെപ്റ്റംബർ 12, 19, 2019 ജനുവരി 4, 16 തീയതികളിൽ സമിതി യോഗം ചേരുകയും മേൽ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

സമിതിയോഗങ്ങളിൽ നടന്ന സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2019 ജനുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ്കുമാർ,

*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

## റിപ്പോർട്ട്

മാതൃഭൂമി ന്യൂസ് ചാനൽ 2017 മാർച്ച് 13-ന് രാത്രി സംപ്രേഷണം ചെയ്ത 'സൂപ്പർ പ്രൈം ടൈം' പരിപാടിയിൽ, അന്നേദിവസം ബഹു. സ്പീക്കർ സഭയിൽ നൽകിയ ഒരു റൂളിംഗിനെ വിശകലന വിധേയമാക്കുകയും റൂളിംഗിനെ അപലപിക്കുകയും സ്പീക്കർ പക്ഷപാതപരമായി പെരുമാറിയെന്ന് ആക്ഷേപിക്കുകയും ചെയ്തതായി ആരോപിച്ചുകൊണ്ട് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. പ്രസ്തുത ചാനലിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടി 15-3-2017-ന് ബഹു.സ്പീക്കർക്ക് ഒരു നോട്ടീസ് സമർപ്പിച്ചിരുന്നു. *(അനുബന്ധം-1)* പ്രസ്തുത പരിപാടിയിലൂടെ നിയമസഭയുടെ അദ്ധ്യക്ഷ പദവിയെ ആക്ഷേപിക്കുന്ന തരത്തിൽ നടത്തിയ പ്രസ്താവനകൾ സഭയുടെ അന്തസ്സിനും ചെയറിനും അങ്ങേയറ്റം കോട്ടം തട്ടുന്ന തരത്തിലുള്ളവയാണെന്നും അദ്ദേഹം ആരോപിച്ചിരുന്നു. ഇക്കാര്യം ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. 16-3-2017-ൽ സഭയിൽ ഉന്നയിക്കുകയും തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രസ്തുത നോട്ടീസ് ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 17-3-2017-ന് റഫർ ചെയ്യുകയും ചെയ്തു.

2. 2017 മേയ് 11-ന് ചേർന്ന യോഗത്തിൽ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. യുടെ നോട്ടീസ് പരിഗണിക്കുകയും 13-3-2017-ലെ "സൂപ്പർ പ്രൈം ടൈം" പരിപാടിയുടെ വീഡിയോ വീക്ഷിക്കുകയും ചെയ്തു. തുടർന്ന് 15-5-2017-ൽ ചേർന്ന യോഗത്തിൽ സമിതി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും സഭാ തലത്തിൽ ബഹു. സ്പീക്കർ നൽകുന്ന ഒരു റൂളിംഗ് സംബന്ധിച്ച് പൊതുജനമദ്ധ്യത്തിലോ മാധ്യമങ്ങളിലൂടെയോ ദുരാരോപണങ്ങൾ നടത്തിക്കൊണ്ട് വിവാദങ്ങൾ ഉണ്ടാക്കുന്നത് സഭയോടുള്ള കടുത്ത അനാദരവായി കണക്കാക്കപ്പെടുന്ന നടപടി ആയതിനാൽ ഗുരുതരമായ പ്രിവിലേജ് പ്രശ്നം ഇക്കാര്യത്തിൽ അടങ്ങിയിട്ടുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് സ്പീക്കർ പദവിയെ അവഹേളിക്കുകയും റൂളിംഗിനെ അധിക്ഷേപിക്കുകയും ചെയ്തത് ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമാണെന്ന കാര്യം ചൂണ്ടിക്കാട്ടി മാതൃഭൂമി ന്യൂസ് ചാനൽ മേധാവിയോടും പ്രസ്തുത പരിപാടിയുടെ അവതാരകൻ ശ്രീ. വേണു ബാലകൃഷ്ണനോടും അടിയന്തരമായി വിശദീകരണം തേടാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു. *(അനുബന്ധം-2 & 3).*

3. സമിതി തീരുമാനം അറിയിച്ചതിനെ തുടർന്ന് മാതൃഭൂമി ചാനൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.മോഹൻ നായർ 20-6-2017-ന് നിയമസഭാ സെക്രട്ടറിക്ക് നൽകിയ കത്തിൽ ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ.യുടെ പരാതിയുടെ പകർപ്പും ഈ വിഷയത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും നൽകണമെന്നും വിശദീകരണം നൽകാൻ ഒരു മാസത്തെ സമയം നൽകണമെന്നും

അഭ്യർത്ഥിക്കുകയുണ്ടായി. ന്യൂസ് ചാനൽ സി.ഇ.ഒ.യുടെ കത്തിലെ ആവശ്യങ്ങൾ സമിതി പരിഗണിക്കുകയും ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. നൽകിയ നോട്ടീസിന്റെ പകർപ്പും നോട്ടീസ് പരിഗണിച്ച യോഗങ്ങളുടെ നടപടിക്കുറിപ്പുകളുടെ പ്രസക്തഭാഗങ്ങളും നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത രേഖകൾ നൽകിയതിനെ തുടർന്ന് ശ്രീ.മോഹൻ നായർ 18-8-2017-ൽ സമിതിക്ക് കത്തുമുഖേന വിശദീകരണം നൽകി. *(അനുബന്ധം-4)*

4. പ്രസ്തുത വിശദീകരണത്തിൽ "സൂപ്പർ പ്രൈം ടൈം" എന്ന പരിപാടിയെ പൂർണ്ണമായും ന്യായീകരിക്കുന്ന വാദമുഖങ്ങൾ ഉന്നയിച്ചിരുന്നു എന്നു മാത്രമല്ല ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. നൽകിയ നോട്ടീസ് സമിതിയുടെ പരിഗണനയ്ക്കുവിട്ട നടപടി ചട്ടപ്രകാരമല്ല എന്ന് സമർത്ഥിക്കാനുള്ള ശ്രമവും ചാനൽ സി.ഇ.ഒ.യുടെ ഭാഗത്തുനിന്ന് ഉണ്ടായി. എന്നിരുന്നാലും ചാനലിന്റെ ഭാഗത്തുനിന്നുണ്ടായ പ്രവൃത്തി ഏതെങ്കിലും തരത്തിൽ അവകാശലംഘനത്തിനു കാരണമായെങ്കിൽ സ്വന്തം കടമ സത്യസന്ധമായി നിർവ്വഹിക്കുന്നതിനിടയിൽ സംഭവിച്ചതാണെന്ന നല്ല അർത്ഥത്തിലെടുത്ത് ക്ഷമിക്കണമെന്ന് പ്രസ്തുത കത്തിൽ സി.ഇ.ഒ. അപേക്ഷിച്ചിരുന്നു.

5. "സൂപ്പർ പ്രൈം ടൈം" പരിപാടിയുടെ അവതാരകനായിരുന്ന ശ്രീ. വേണു ബാലകൃഷ്ണൻ 19-8-2017-ന് തന്റെ വിശദീകരണം കത്തു മുഖേന സമർപ്പിച്ചു. *(അനുബന്ധം-5)* സഭയുടെ അന്തസ്സിനെ താൻ അങ്ങേയറ്റം വിലമതിക്കുന്നുവെന്നും അത് തകർക്കാനുള്ള ശ്രമമായിരുന്നില്ല തന്റേതെന്നും ബോധപൂർവ്വമല്ലാതെയുള്ള പ്രവൃത്തിമൂലം സഭയുടെ അവകാശം ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തനിക്കും ചർച്ചയിൽ പങ്കെടുത്തവർക്കും വേണ്ടി നിരുപാധികം മാപ്പപേക്ഷിക്കുന്നുവെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ ചാനൽ മേധാവി ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിനെ താൻ പിൻതുണയ്ക്കുന്നുവെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. മാതൃഭൂമി ന്യൂസ് ചാനൽ സി.ഇ.ഒ.യും "സൂപ്പർ പ്രൈം ടൈം" അവതാരകനും സമർപ്പിച്ച കത്തുകൾ 5-12-2017-ലെ യോഗത്തിൽ സമിതി പരിഗണിച്ചു. *(അനുബന്ധം-6).* തുടർന്ന് 19-9-2018, 16-1-2019 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും *(അനുബന്ധം 7)* താഴെപ്പറയുന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു:

## സമിതിയുടെ നിഗമനം

6. ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ.യുടെ അവകാശലംഘന നോട്ടീസ് നിയമസഭാ നടപടിക്രമം (ചട്ടം 157) പാലിച്ചല്ല സമിതിക്ക് റഫർ ചെയ്തതെന്ന ചാനൽ സി.ഇ.ഒ.യുടെ വിശദീകരണത്തിലെ വാദം സമിതി സമഗ്രമായി പരിശോധിച്ചു. കേരള

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 പ്രകാരം "പ്രിവിലേജ് പ്രശ്നങ്ങൾ സംബന്ധിച്ച ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏത് പ്രിവിലേജ് പ്രശ്നവും സ്പീക്കർക്ക് പരിശോധനയ്ക്കോ അന്വേഷണത്തിനോ റിപ്പോർട്ടിനോ വേണ്ടി പ്രിവിലേജ് കമ്മിറ്റിക്ക് വിടാവുന്നതാണ്" എന്നതിനാൽ പ്രസ്തുത നോട്ടീസ് സമിതിക്ക് റഫർ ചെയ്തത് ക്രമപ്രകാരമല്ലെന്ന വാദം നിലനിൽക്കുന്നതല്ലെന്ന് സമിതി വിലയിരുത്തി.

7. സഭാ നടപടികൾ സംബന്ധിച്ച് ചർച്ചയോ സംവാദങ്ങളോ മാധ്യമങ്ങളിലൂടെ നടത്തുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 19(1)എ അനുസരിച്ചുള്ള മൗലികാവകാശമുണ്ടെന്നായിരുന്നു ചാനൽ സി.ഇ.ഒ. യുടെ മറ്റൊരു വാദം. ഭരണഘടന അനുഛേദം 19(1) എ, സംസാരത്തിനും, ആശയപ്രകടനത്തിനും സ്വാതന്ത്ര്യം നൽകുന്ന മൗലികാവകാശമാണ്. അത് പത്ര മാധ്യമങ്ങൾക്കും അവകാശപ്പെട്ടതാണ്. എന്നാൽ അനുഛേദം 19(2) (1)-ൽ മേൽ വിവരിച്ച മൗലികാവകാശത്തിന് ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് 1959-ൽ പണ്ഡിറ്റ് എം.എസ്.എം. ശർമ്മ Vs. എസ്. കെ. സിൻഹ (സർച്ച് ലൈറ്റ് കേസ് എന്നറിയപ്പെടുന്നത്) കേസിൽ ബഹു.സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച്, ഭരണഘടനയുടെ അനുഛേദം 194-ൽ വിവരിക്കുന്ന പാർലമെന്റിന്റെയും, സംസ്ഥാന നിയമസഭകളുടെയും പ്രിവിലേജുകൾ അനുഛേദം 19(1) എ-ൽ പ്രതിപാദിക്കുന്ന സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള മൗലികാവകാശത്തിനുമേൽ ആധിപത്യം പുലർത്തുന്നു എന്നു വ്യക്തമായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രിവിലേജ് ലംഘന നടപടികളിൽ അനുഛേദം 19(1) എ-യുടെ സംരക്ഷണം ഉണ്ടെന്ന വാദം നിലനിൽക്കുന്നതല്ല എന്ന് സമിതി വിലയിരുത്തി.

8. ഭരണഘടനയുടെ അനുഛേദം 361(എ) മൗലിക അവകാശങ്ങളിൽ പ്പെടുന്നതല്ലാത്തതിനാലും ആയതിന് അനുഛേദം 194(1)-ൽ വരുന്ന പ്രിവിലേജിന് വിധേയമായി മാത്രമേ സാധുതയുള്ളൂ എന്നതിനാലും ചാനൽ സംപ്രേഷണം ചെയ്ത പരിപാടിക്ക് ഭരണഘടനയുടെ അനുഛേദം 361 (എ) അനുസരിച്ചുള്ള സംരക്ഷണം ഉണ്ടെന്നുള്ള ചാനൽ സി.ഇ.ഒ.യുടെ വാദം നീതീകരിക്കാവുന്നതല്ലെന്ന് സമിതി വിലയിരുത്തി.

9. പാർലമെന്ററി നടപടിക്രമങ്ങൾ സംബന്ധിച്ച ആധികാരിക ഗ്രന്ഥമായ കൗൾ ആന്റ് ശക്ധറിന്റെ 'പ്രാക്ടീസ് & പ്രൊസീഡ്യുവർ ഓഫ് പാർലമെന്റിന്റെ' ആറാം എഡിഷനിൽ 'Rulings of the Speaker' എന്ന തലക്കെട്ടിൽ "The Speaker's rulings, as already stated, cannot be questioned except on a substantive motion. A member who protests against the ruling of the Speaker commits contempt of

the House and the Speaker. The Speaker's decision is equally binding whether given in the House or on a departmental file. He is not bound to give reasons for his decisions. Members cannot criticise directly or indirectly, inside or outside the House, any ruling given, opinion expressed or statement made, by the Speaker.....

Observations made by the Speaker in the House cannot be interpreted in private correspondence. He does not enter into public or press controversies regarding observations made by him from the Chair." (Page Nos. 126 & 127) എന്നും

ഇതേ ഗ്രന്ഥത്തിൽ "Reflections on Speaker in discharge of his duties" എന്ന തലക്കെട്ടിൽ

"Office of the Speaker, Lok Sabha, is a constitutional office and enjoys exalted status in our democratic set up. Though it is not necessary for the Speaker under the Constitution or the Rules of Procedure to sever his connection with the political party to which he belongs, once he is elected to the office, he while conducting the House nevertheless acts in totally impartial manner. Impartiality is therefore an integral attitude vis – a vis the office of the Speaker. Hence, reflections on the character or impartiality of the Speaker in discharge of his duties as the Speaker of the House had been held to constitute a breach of privilege and contempt of the House (Page Nos. 294 & 295) എന്നും വിശദീകരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് സ്പീക്കർ സഭയിൽ നടത്തുന്ന റൂളിംഗുകൾ സഭാംഗങ്ങൾ പോലും വിമർശന വിധേയമാക്കുവാൻ പാടില്ല എന്ന് വ്യക്തമാണ്.

10. 13-3-2017-ൽ മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേഷണം ചെയ്ത സൂപ്പർ പ്രൈം ടൈം പരിപാടിയിൽ അന്നേ ദിവസം നിയമസഭയിൽ സ്പീക്കർ നടത്തിയ ഒരു റൂളിംഗിനെ വിശകലനത്തിനും വിമർശനത്തിനും വിധേയമാക്കുകയുണ്ടായി. "സംസ്ഥാന സമിതിയിൽ അല്ല സഭാ അദ്ധ്യക്ഷ സ്ഥാനത്താണ് സന്നിഹിതനായിരിക്കുന്നതെന്ന് ജനാധിപത്യകേരളം സ്പീക്കറെ ഓർമ്മിപ്പിക്കുന്നു.", "ചെയറിന്റെ മഹത്വം പറയുമ്പോൾ വീൽ ചെയർ ആണോയെന്ന് സ്വയം സംശയിക്കുന്നതും നല്ലതുതന്നെ" തുടങ്ങിയ സ്പീക്കർ പദവിയെ ഇകഴ്ത്തുന്ന പ്രസ്താവനകൾ ആമുഖമായി നടത്തിക്കൊണ്ട് സ്പീക്കറുടെ റൂളിംഗ് സംശയമുണർത്തുന്നതാണെന്നും ഇത് സംബന്ധിച്ച് ആറു ചോദ്യങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് അവയ്ക്ക് ഉത്തരം തേടുകയാണ് ഈ പരിപാടിയിലൂടെ ചെയ്യുന്നതെന്നും അറിയിച്ചുകൊണ്ടാണ് അവതാരകൻ പരിപാടിയിലേക്ക് കടന്നത്. ശ്രീ. രാജു എബ്രഹാം, ശ്രീ. അനിൽ അക്കര എന്നീ

നിയമസഭാംഗങ്ങളും ചർച്ചയിൽ പങ്കെടുത്തിരുന്നു. സ്പീക്കറുടെ നിഷ്പക്ഷതയെയും റൂളിംഗിനെയും നിശിതമായി വിമർശിക്കുകയും തരംതാഴ്ത്തിക്കാണിക്കുകയുമാണ് ഈ പരിപാടിയിലൂടെ ഈ ന്യൂസ് ചാനൽ നിർവ്വഹിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു. സ്പീക്കറുടെ റൂളിംഗ് ചർച്ചയ്ക്ക് വിഷയമാക്കുകയും രണ്ട് നിയമസഭാംഗങ്ങളെ കൂടി അതിന്റെ പാനലിൽ ഉൾപ്പെടുത്തുകയും ചെയ്തത് പാർലമെന്ററി കീഴ്‌വഴക്കത്തിന്റെയും മര്യാദകളുടെയും ലംഘനമായി സമിതി കണക്കാക്കുന്നു. സ്പീക്കറെയും സ്പീക്കർ പദവിയെയും വിമർശിച്ച് ആരോഗ്യകരമല്ലാത്ത രീതിയിൽ ചർച്ച മുന്നോട്ടു കൊണ്ടുപോകുകയും വിലകുറഞ്ഞ പദപ്രയോഗങ്ങൾ നടത്തുകയും ചെയ്തത് സഭയോടുള്ള അനാദരവ് ആണെന്ന് സമിതി നിരീക്ഷിക്കുന്നു. സ്പീക്കറുടെ റൂളിംഗിനെ സഭാംഗങ്ങൾ സഭയിൽ വച്ച് പോലും വിമർശിക്കാൻ പാടില്ല എന്നിരിക്കെ പ്രസ്തുത ചാനൽ ചർച്ചയിൽ പങ്കെടുത്ത ശ്രീ. അനിൽ അക്കര എം.എൽ.എ., സ്പീക്കറുടെ റൂളിംഗിനെ വിമർശിച്ച് സംസാരിച്ചത് അപക്വവും അംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ കടുത്ത ലംഘനവുമാണെന്നും സമിതി വിലയിരുത്തുന്നു. ജനാധിപത്യ സംവിധാനത്തിന്റെ നാലാമത്തെ നെടുംതൂണായി സങ്കൽപ്പിക്കുന്ന മാധ്യമങ്ങളുമായി സഹവർത്തിത്വത്തോടെ പ്രവർത്തിച്ചുവരുന്ന പാരമ്പര്യമാണ് കേരള നിയമസഭയ്ക്കുള്ളത്. അറിയാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനും സത്യസന്ധമായി വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനും പ്രതിജ്ഞാബദ്ധരായിരിക്കേണ്ട മാധ്യമങ്ങൾ പലപ്പോഴും അതിൽ നിന്ന് വ്യതിചലിക്കുന്നതായി സമിതി വിലയിരുത്തുന്നു. സമൂഹമാധ്യമങ്ങളിലൂടെ നടക്കുന്ന അനിയന്ത്രിതവും തരംതാണതുമായ വിചാരണകളെയും വിമർശനങ്ങളെയും ഉത്തരവാദപ്പെട്ട മാധ്യമ സ്ഥാപനങ്ങൾ മാതൃകയാക്കുന്നത് ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു.

11. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെ ജിഹ്വയായി രംഗത്തുവന്ന പത്രമാണ് മാതൃഭൂമി. ദേശീയ പ്രസ്ഥാനത്തോടൊപ്പം വളരുകയും മലയാളികളിൽ ദേശീയബോധവും ജനാധിപത്യബോധവും വളർത്തുന്നതിൽ നിസ്തുലമായ പങ്കുവഹിക്കുകയും ചെയ്ത മാതൃഭൂമിയുടെ ഉടമസ്ഥതയിലുള്ള ടെലിവിഷൻ ചാനലിൽ നിന്നും അതേ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനമാണ് പൊതുസമൂഹം പ്രതീക്ഷിക്കുന്നത്. എന്നാൽ അവകാശലംഘനപ്രശ്നത്തിന് ആസ്പദമായ പ്രസ്തുത ചാനൽ ചർച്ച, ആ പ്രതീക്ഷയ്ക്ക് കോട്ടം തട്ടുന്ന തരത്തിൽ, ജനാധിപത്യ സംവിധാനത്തിൽ പരമപ്രധാനമായ നിയമനിർമ്മാണ സഭയുടെ അദ്ധ്യക്ഷ പദവിയെ ജനാധിപത്യ മര്യാദകൾ ലംഘിച്ച് യുക്തിരഹിതമായ വാദങ്ങൾ ഉയർത്തിയും നിക്ഷ്പക്ഷതയെ ചോദ്യം ചെയ്തും പൊതുജനമദ്ധ്യത്തിൽ ഇകഴ്ത്തിയതിലൂടെ ജനാധിപത്യസംസ്കാരത്തിന് തന്നെ മങ്ങലേൽപ്പിക്കുന്നതിന് ഹേതുവായിട്ടുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു.

12. നിയമനിർമ്മാണ സഭകളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ നടത്തുന്ന ക്രിയാത്മകവും ആരോഗ്യപരവുമായ വിമർശനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ടെങ്കിലും വിമർശനങ്ങൾക്ക് ന്യായമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടത് മാധ്യമങ്ങൾ തന്നെയാണ്. സെൻസേഷണലിസത്തിന്റെ മാർഗ്ഗം അതിർവരമ്പുകൾ ഇല്ലാത്തതാണെന്നതിനാൽ സ്പീക്കർ പദവി പോലുള്ള ഉന്നത സ്ഥാനങ്ങളെ അതിലേയ്ക്ക് വലിച്ചിഴച്ച് മോശമായി ചിത്രീകരിക്കുന്നത് ആരോഗ്യപരമായ പ്രവണതയല്ലെന്ന് സമിതി വിലയിരുത്തുന്നു. ജനാധിപത്യ സംവിധാനത്തിലെ പരമപ്രധാന പദവികളിലൊന്നായ സഭാദ്ധ്യക്ഷ പദവിയെ അപകീർത്തിപ്പെടുത്തുകയും അതുവഴി സഭയെത്തന്നെ താഴ്ത്തിക്കെട്ടുവാൻ ശ്രമിക്കുകയും ചെയ്യുന്ന പരിപാടികളോ വാർത്തകളോ പ്രസിദ്ധീകരിക്കുന്ന പ്രവണതയെ നിസ്സാരമായി കാണാനാവില്ല. അതിനാൽ മാധ്യമങ്ങൾ ഇക്കാര്യത്തിൽ വിവേകപൂർവ്വമായ നിയന്ത്രണം പാലിക്കേണ്ടതിന്റെ ആവശ്യകത ഈ അവസരത്തിൽ സമിതി ഓർമ്മപ്പെടുത്തുന്നു.

13. പരാതിക്കാസ്പദമായ പരിപാടിയുടെ അവതാരകനായ ശ്രീ. വേണു ബാലകൃഷ്ണൻ സമിതിക്ക് സമർപ്പിച്ച വിശദീകരണത്തിലെ, നിയമസഭയുടെയോ നിയമസഭാ സ്പീക്കറുടെയോ അന്തസ്സിനും അവകാശങ്ങൾക്കും കോട്ടം തട്ടുന്ന വിധത്തിൽ യാതൊന്നും പരിപാടിയിൽ ഉണ്ടായിട്ടില്ലെന്നും പരാമർശങ്ങൾ മനഃപൂർവ്വമല്ലെന്നുമുള്ള പ്രസ്താവന പ്രഥമദൃഷ്ട്യാ സ്വീകാര്യമാണെന്ന് കാണുന്നില്ല. എന്നിരുന്നാലും ബോധപൂർവ്വമല്ലാതെയുള്ള ഏതെങ്കിലും പ്രവൃത്തിമൂലം സഭയുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ചർച്ചയിൽ പങ്കെടുത്തവർക്കുവേണ്ടിയും തനിക്കുവേണ്ടിയും അദ്ദേഹം നടത്തിയതായ നിരുപാധിക മാപ്പപേക്ഷ സമിതി സ്വീകരിക്കുന്നു.

14. മാതൃഭൂമി ന്യൂസ് ചാനൽ സി. ഇ. ഒ. ശ്രീ. മോഹൻ നായർ സമിതിക്ക് സമർപ്പിച്ച വിശദീകരണത്തിൽ തന്റെ സ്ഥാപനത്തിന്റെ പ്രവൃത്തി ശരിയാണെന്ന് സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, അവയൊന്നുംതന്നെ മേൽപ്രസ്താവിക്കപ്പെട്ട കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകാര്യമാണെന്ന് സമിതി കരുതുന്നില്ല. എന്നിരുന്നാലും തന്റെ സ്ഥാപനത്തിന്റെ നടപടി ബോധപൂർവ്വമല്ലാതെ എന്തെങ്കിലും തരത്തിലുള്ള അവകാശലംഘനത്തിന് കാരണമായെങ്കിൽ സ്വന്തം കടമ സത്യസന്ധമായി നിർവ്വഹിക്കുന്നതിനിടയിൽ സംഭവിച്ചതാണെന്ന നല്ല അർത്ഥത്തിലെടുത്ത് ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നതിനെ സമിതി മുഖവിലയ്ക്കെടുക്കുന്നു.

## സമിതിയുടെ ശിപാർശ

മാതൃഭൂമി ന്യൂസ് ചാനലിൽ 13-3-2017-ന് സംപ്രേഷണം ചെയ്ത 'സൂപ്പർ പ്രൈം ടൈം' പരിപാടി പൊതുസമൂഹത്തിൽ നിയമസഭാ സ്പീക്കർ എന്ന

പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്നതും അവമതിപ്പ് ഉളവാക്കുന്ന തരത്തിലുമുള്ള തായിരുന്നു എന്നാരോപിച്ചുകൊണ്ട് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ് സംബന്ധിച്ച് മാതൃഭൂമി ന്യൂസ് ചാനൽ സി. ഇ. ഒ. ശ്രീ. മോഹൻ നായർ, അവതാരകൻ ശ്രീ. വേണു ബാലകൃഷ്ണൻ എന്നിവർ നൽകിയ വിശദീകരണങ്ങൾ സ്വീകാര്യമല്ലെന്ന് സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും തങ്ങളുടെ പ്രവൃത്തി ബോധപൂർവ്വമല്ലെന്നും ആയത് എന്തെങ്കിലും തരത്തിലുള്ള അവകാശലംഘനത്തിന് കാരണമായിട്ടുണ്ടെങ്കിൽ അതിന് മാപ്പപേക്ഷിക്കുന്നുവെന്നും സമിതിയെ രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. പ്രദീപ്കുമാർ,
*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ജനുവരി 16.

അനുബന്ധം 1

തിരുവനന്തപുരം,

15-3-2017.

സെക്രട്ടറി,
കേരള നിയമസഭ,
തിരുവനന്തപുരം.

13-3-2017-ന് ബഹു. സ്പീക്കർ നടത്തിയ റൂളിംഗ് സംബന്ധിച്ച് മാതൃഭൂമി ന്യൂസ് ചാനലിൽ രാത്രി 9.00 മണിക്ക് Prime Time പരിപാടിയിലൂടെ നടത്തിയ ആക്ഷേപകരമായ പരാമർശങ്ങൾമൂലം നിയമസഭയുടെയും ബഹു. സ്പീക്കറുടെയും അവകാശങ്ങൾ ലംഘിച്ചതു സംബന്ധിച്ച് ചട്ടം 155 പ്രകാരം നൽകുന്ന നോട്ടീസ്

ബഹുമാനപ്പെട്ട സെക്രട്ടറി,

നിയമസഭയിൽ 13-3-2017-ൽ ബഹു. സ്പീക്കർ നൽകിയ ഒരു റൂളിംഗ് സംബന്ധിച്ച് ബഹു. ചെയറിനെ അങ്ങേയറ്റം അപലപിച്ചുകൊണ്ടും ചെയറിന്മേൽ അന്യായമായ പക്ഷപാതം ആരോപിച്ചുകൊണ്ടും പൊതു സമൂഹത്തിൽ 'നിയമസഭാ സ്പീക്കർ' എന്ന പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്ന തരത്തിലും അവമതിപ്പ് ഉളവാക്കുന്ന തരത്തിലും ഉള്ള പരാമർശങ്ങൾ ആണ് 13-3-2017-ന് മാതൃഭൂമി ന്യൂസ് ചാനലിൽ രാത്രി 9 മണിക്ക് Prime Time പരിപാടിയിലൂടെ ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട നിയമസഭാംഗമായ ശ്രീ. അനിൽ അക്കര ഉൾപ്പെടെയുള്ളവർ പ്രസ്തുത പരിപാടിയിലൂടെ ബഹുമാനപ്പെട്ട ചെയറിനെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ട് നടത്തിയ പ്രസ്താവനകൾ ഈ സഭയുടെ അന്തസ്സിനും ചെയറിനും അങ്ങേയറ്റം കോട്ടം തട്ടുന്ന തരത്തിലുള്ളതാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത ഒരു അധിക്ഷേപമാണ് ഈ ചാനൽ ചർച്ചയിലൂടെ നടന്നത്. അതുമൂലം സഭയുടെ ഭരണഘടനാദത്തമായ പ്രത്യേക അവകാശങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നു. ഗുരുതരമായ ഈ വിഷയത്തിന്മേൽ ബന്ധപ്പെട്ട രേഖകളും നടപടിക്രമങ്ങളും പരിശോധിച്ചുകൊണ്ട് യുക്തമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)

കെ. സുരേഷ് കുറുപ്പ്

## അനുബന്ധം 2

### പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 11-5-2017-ലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 മേയ് 11 വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിതാ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ബഹു. സ്പീക്കറുടെ റൂളിംഗിനെ വിമർശിച്ചുകൊണ്ട് മാതൃഭൂമി ന്യൂസ് ചാനലിൽ വന്ന വാർത്ത, സഭയേയും സ്പീക്കർ പദവിയേയും അവഹേളിക്കുന്നതാണ് എന്ന് കാണിച്ച്, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യപ്പെട്ട ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ.യുടെ നോട്ടീസ് പരിഗണിക്കുകയും പരിപാടിയുടെ വീഡിയോ ദൃശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു.

ബഹു. സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും അത് സഭയ്ക്കകത്തോ പുറത്തോ ചോദ്യം ചെയ്യപ്പെടാറില്ലെന്നത് പാർലമെന്ററി കീഴ്വഴക്കമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

"ഓർഡർ......................... ഓർഡർ............................ എന്ന് പറയുന്നത് ഓർഡർ അനുസരിക്കാനാകരുത്," 'ചെയറിന്റെ മഹത്വം പറയുമ്പോൾ വീൽ ചെയറാണോ എന്ന് സംശയിക്കുന്നത് നല്ലത് തന്നെ,' "പ്രതിപക്ഷത്തിന്റെ പ്രയോഗം കമ്പോടുകമ്പ് നോക്കി രേഖയിൽ നിന്ന് നീക്കിയ സ്പീക്കറുടെ ജാഗ്രത ശ്രീ. പിണറായി വിജയനിലേക്കെത്തുമ്പോൾ വിറങ്ങലിച്ച് നിൽക്കുന്നു," "ഒരു മുട്ടിടിയുടെ ശബ്ദം കേൾക്കുന്നുണ്ടോ അതോ തോന്നിയതാണോ," "സംസ്ഥാന സമിതിയിൽ അല്ല സഭാദ്ധ്യക്ഷ സ്ഥാനത്താണ് സന്നിഹിതനായിരിക്കുന്നതെന്ന് ജനാധിപത്യ കേരളം സ്പീക്കറെ ഓർമ്മിപ്പിക്കുന്നു", "സഭാ സമ്മേളനമാണ് സംഘടിപ്പിച്ചിരിക്കുന്നതെന്നും സവിനയം ജനാധിപത്യകേരളം സ്പീക്കറെ ഓർമ്മിപ്പിക്കുന്നു" തുടങ്ങിയ പ്രയോഗങ്ങൾ പൊതു സമൂഹത്തിൽ സ്പീക്കർ പദവിയെ അപമാനിക്കുന്ന തരത്തിലുള്ളതാണെന്നും ആയത് ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണെന്നും വിലയിരുത്തി. പ്രസ്തുത ചർച്ചയിൽ പങ്കെടുത്ത രണ്ട് നിയമസഭാംഗങ്ങളിൽ ശ്രീ. അനിൽ അക്കര എം.എൽ.എ. സ്പീക്കറുടെ റൂളിംഗിനെ വിമർശിച്ച് സംസാരിച്ചത് പക്വതയില്ലായ്മയും പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവുമാണെന്ന് സമിതി നിരീക്ഷിച്ചു.

സ്പീക്കറുടെ റൂളിംഗിലുണ്ടായ നിഷ്പക്ഷതയില്ലായ്മയാണോ ഇത്തരം ഒരു ചർച്ചയ്ക്ക് സാഹചര്യമുണ്ടാക്കിയതെന്ന് പരിശോധിക്കണമെന്ന് സമിതിയംഗം ശ്രീ. വി. എസ്. ശിവകുമാർ അഭിപ്രായപ്പെട്ടു. എന്നാൽ സ്പീക്കർ റഫർ ചെയ്ത വിഷയത്തിൽ സമിതി സ്വതന്ത്രമായി തീരുമാനമെടുക്കുകയാണ് വേണ്ടതെന്നും റൂളിംഗുകൾ ശരിയാണോ എന്ന് പരിശോധിക്കാനുള്ള അധികാരം സമിതിക്കില്ലെന്നും റഫർ ചെയ്യപ്പെടുന്ന വിഷയത്തിൽ പ്രിവിലേജസ് പ്രശ്നം ഉണ്ടോ എന്ന് പരിശോധിക്കാനുള്ള അധികാരം മാത്രമാണ് ഉള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതിക്ക് റഫർ ചെയ്യപ്പെടുന്ന ഏതൊരു പ്രശ്നവും പരിശോധിക്കുകയും അതിന്റെ വസ്തുതകൾ പരിഗണിച്ച് അവകാശലംഘനം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ലംഘനത്തിന്റെ സ്വഭാവം എന്താണെന്നും അതിന് ഇടവരുത്തിയ സാഹചര്യങ്ങൾ ഏതെന്നും തീരുമാനിക്കുന്നതിനും അതിന് ഉചിതമെന്ന് തോന്നുന്ന ശിപാർശകൾ ചെയ്യുക എന്നതുമാണ് സമിതിയുടെ ചുമതലയെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിനും ബഹു. അംഗത്തിന്റെ അവകാശലംഘന നോട്ടീസിന്മേലുള്ള തുടർ നടപടി തീരുമാനിക്കുന്നതിനുമായി സമിതി 15-5-2017-ന് യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.30-ന് അവസാനിച്ചു.

<u>അനുബന്ധം 3</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 15-5-2017-ലെ യോഗനടപടി കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 മേയ് 15 തിങ്കളാഴ്ച വൈകുന്നേരം സഭ പിരിഞ്ഞശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ IV.B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
4. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി മുൻ യോഗത്തിൽ പരിഗണനയ്ക്കെടുത്തിരുന്ന, ബഹു.സ്പീക്കർ സമിതിക്ക് റഫർ ചെയ്ത മാതൃഭൂമി ന്യൂസ് ചാനലിനെതിരെ അവകാശലംഘനം ആരോപിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. നൽകിയ നോട്ടീസ് സമിതി വീണ്ടും പരിഗണനയ്ക്കെടുത്തു. സ്പീക്കർ സഭയിൽ നടത്തിയ റൂളിംഗുകൾ സംബന്ധിച്ച് സഭയ്ക്കകത്തോ പുറത്തോ തർക്കമോ വിവാദമോ ഉണ്ടാക്കാൻ പാടില്ലാത്തതാണെന്നും സ്പീക്കർ ഒരു വിഷയത്തിൽ റൂളിംഗ് നൽകിയാൽ അതിനെ നിയമസഭാംഗങ്ങൾ പോലും പ്രത്യക്ഷമായോ പരോക്ഷമായോ വിമർശിക്കാൻ പാടുള്ളതല്ലെന്നും ചെയറിന്റെ റൂളിംഗ് സംബന്ധിച്ച് പൊതുജന മദ്ധ്യത്തിലോ മാധ്യമങ്ങളിലൂടെയോ വിവാദങ്ങൾ ഉണ്ടാക്കുന്നത് സഭയോടുള്ള കടുത്ത അനാദരവായി കണക്കാക്കപ്പെടുന്നതാണെന്നും സമിതി വിലയിരുത്തി. അതിനാൽ പ്രസ്തുത വിഷയത്തിൽ ഗുരുതരമായ പ്രിവിലേജ് പ്രശ്നം ഉണ്ടെന്ന് സമിതി നിരീക്ഷിക്കുകയും ഇതു സംബന്ധിച്ച് ചാനൽ അവതാരകനിൽ നിന്നും മേധാവിയിൽ നിന്നും വിശദീകരണം തേടണമെന്ന് തീരുമാനിക്കുകയും ചെയ്തു.

സ്പീക്കറുടെ പദവിയെ അവഹേളിക്കുന്നതും സ്പീക്കറുടെ റൂളിംഗിനെ ജനമധ്യത്തിൽ അധിക്ഷേപിച്ച് ചർച്ചാ വിഷയമാക്കുന്നതും ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമാകയാൽ ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടി മാതൃഭൂമി ചാനൽ മേധാവിക്കും അവതാരകൻ ശ്രീ. വേണു ബാലകൃഷ്ണനും പത്ത് ദിവസത്തിനകം വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

അനുബന്ധം 4

18th August, 2017

The Secretary,
Kerala Legislative Assembly Secretariat,
Thiruvananthapuram.

Respected Sir,

Sub: Reply to Show Cause Notice dated 9-6-2017.

Ref: (1) Show Cause Notice dated 9-6-2017.

(2) Letter dated 21-7-2017 issued by your office.

This is with reference to the Show Cause Notice (hereinafter referred to as 'Notice') dated 9-6-2017, 1st referenced above. The subject Notice was served on me, alleging that the telecast of the programme 'Super Prime Time' on 13-3-2017 on Mathrubhumi News television channel amounted to breach of privilege enjoyed by the Kerala Legislative Assembly (hereinafter referred to as 'KLA').

At the very outset, all the allegations and averments in the said Notice, unless otherwise specifically admitted herein, are specifically denied and refuted. It is stated that the subject Notice is issued on incorrect factual and legal basis, which is sought to be clarified as hereunder.

The Hon'ble Chief Minister of Kerala made certain remarks on the floor of the House doubting whether the opposition was hand-in-gloves with Shiv Sena in the moral policing incident that happened at Marine Drive, Ernakulam. The leader of the opposition made a remark on the floor of the House regarding one member of the House and Guruvayoor temple. The remark made by the leader of the opposition was expunged by the Hon'ble Speaker on 9-3-2017; whereas, the remarks made by the Chief Minister of Kerala was not expunged by a ruling of the Hon'ble Speaker on 13-3-2017, though such a demand was raised by the opposition parties. Bias was alleged against the treatment meted out by the Hon'ble Speaker. A newspaper daily by name Deshabhimani reported the remark of the Leader of the Opposition which was expunged by the Hon'ble Speaker (daily dated 10-3-2017 and 13-3-2017). It is in this background that the issue was taken up for discussion in 'Super Prime Time'.

It is submitted that the TV telecast on 13-3-2017 does not amount to breach of privilege of KLA, by the mere fact of it leading to a discussion outside the Assembly, on the ruling passed by the Hon'ble Speaker. It is respectfully submitted that public discussions, debates etc. in the media regarding public proceedings undertaken in the Houses of the Parliament or the State Legislature(s) are vital to safeguard the interests of participatory democracy and the same is guaranteed as a fundamental right under Article 19(1)(a) of the Constitution. The rights of the fourth estate to report and spread awareness regarding the functioning of, and decisions taken by a public body/organ of the State, including the legislature, is sacrosanct (Article 361A). It is respectfully submitted that the legislature does not enjoy a blanket privilege to the effect of completely silencing the Press in the matter of the rulings/order passed by the Speaker. The purport of the discussion in 'Super Prime Time' was to make know the public that the office of the Speaker must be impartial, neutral and must uphold equity, justice and good conscience.

Further, it is submitted that the introductory statements made by the TV news anchor are not of the nature as would lower the dignity of the KLA or cause its disrespect, as alleged. The statements in question were made in the context of introducing a topic of debate/proposition – the ruling passed by the Hon'ble Speaker on 13-3-2017–which was intended to be spoken on, both 'for' and 'against'. The said statements, it is submitted, do not convey an opinion of the TV anchor or the channel, or level any criticism against the Hon'ble Speaker regarding his ruling, but merely open up the topic for debate. In this regard, it is submitted that the statements do not cause, nor were they intended to cause, disrepute to the Chair of the House or make personal imputations against the Presiding Officer. Consequently, there can be no breach of privilege on this basis also. Throughout the discussion, the panelists and the anchor always held the office of the Hon'ble Speaker in high esteem and the discussion concludes with a consensus and hope among all the panelists that the Hon'ble Speaker of the KLA must be a role model for the State in ensuring equal justice for all and thereby ensuring its independence.

At this juncture, it is apposite to bring to your kind notice that in the 'notice of question of privilege' given by Hon'ble Member Sri K. Suresh Kurup on 15-3-2017 to your goodself, the conduct of all persons involved in the programme which was telecast on 13-3-2017, including the panel of guest speakers (Shri Raju Abraham, MLA, Shri Anil Akkara, MLA, Shri Sunnykutty Abraham, Journalist and Shri A. Jayashankar, Advocate), were imputed as having constituted breach of privilege. Similarly, when the privilege question was raised in the House on 16-3-2017, although the Noticee was also incidentally found fault with, the primary allegation was raised against the respected members of the House, who allegedly caused disrepute to the very institution they represent. However, it is strange that proceedings for breach of privilege have been initiated against the Noticee alone. It is submitted that the same is done solely to harass the Noticee, who only provided a platform for expressing an opinion, which were solely that of the panelists.

Furthermore, it is most respectfully submitted that proper procedure has not been adopted in the initiation of present proceedings for breach of privilege against the Noticee. The Rules of Procedure and Conduct of Business in Kerala Legislative Assembly (hereinafter referred to as 'Rules of Procedure'), vide rules 154–159, *inter alia*, lays down the procedure for raising a question of privilege in the House and the course of action thereafter. As per the said rules, a member may raise a question of privilege and secure leave of the House (by securing the support of atleast 15 members of the House) which would result either in a final decision on the question raised or a reference to the Committee of Privilege and Ethics (hereinafter referred to as 'committee'), as the case may be. However, in the instant case, although Shri K. Suresh Kurup, MLA is seen to have given notice in writing in this regard to your goodself on 15-3-2017 (R-155) and secured the consent of the Hon'ble Speaker (R-154), the leave of the House as contemplated under R-157 was not sought for instead, the Hon'ble Speaker has bypassed this crucial /ultimate step, by a direct reference to the committee, in a manner not contemplated under the rules. In this regard, it may be pertinent to bring it to the attention of your goodself, to the ruling passing to the Hon'ble Speaker on 16-3-2017 clarifying the above procedure as envisaged under the Rules of Procedure, in a specific 'point of order' raised with respect to the matter at hand.

In addition to the above, it is submitted that the proper procedure as laid down in the said Rules envisaged that for the purpose of consideration and leave of the Assembly, which would constitute a *prima facie* opinion on the question of breach of privilege, the adequate materials have to be placed before the House for a proper appreciation of facts (R-155). However, in the instant case, reference to the Committee has to be done without any primary scrutiny of the issue on the facts and in the proper context. It is submitted that in the proceedings such as the present which entail in penal consequences, strict compliance of procedure is mandatory, failing which, the entire proceedings would stand vitiated. Proceedings initiated or contemplated against me based on materials, the authenticity of which is questionable, also vitiates the proceedings.

Notwithstanding the above, it is submitted that the conduct of the Noticee has unintentionally caused breach of privilege of the KLA, even remotely, the same may be condoned as acts done, *bonafide,* in discharge of their duties.

In the above facts and circumstances there is no reason to initiate any action against me and I request your kind self to drop further proceedings in the regard and to treat the matter as closed. However, if this explanation is found not satisfactory, I request to your goodself to afford an opportunity of hearing before taking any decision in this regard. In such circumstances, I may be permitted to appear either in person or through my duly authorized representative or through my duly engaged lawyer at the time of hearing.

Once again, I hereby humbly request your goodself to kindly accept this reply and drop further proceedings in this regard.

Thanking you,

Yours Respectfully,

Sd/-

(Mohan Nair),

Chief Executive Officer,

Mathrubhumi News Television Channel.

അനുബന്ധം 5

19th August 2017.

From

B.Venu Gopan,
Deputy Editor,
Mathrubhumi News Television Channel.

C/o. The Mathrubhumi Ptg. & Pbg.Co.Ltd.,
V. M. Nair Memorial Building,
Mathrubhumi Road,
Vanchiyoor,
Thiruvananthapuram – 695 035.

To

The Secretary,
Kerala Legislative Assembly Secretariat,
Thiruvananthapuram.

Respected Sir,

Sub: Letter dated 21-7-2017 issued by your office.

The contents in your letter cited in subject above would appear as if a Show Cause Notice was sent by you to me. I have not received any such notice till date. Now, on enquiry with my employer, I understand the contents of the Show Cause Notice issued to the Chief Executive Officer of Mathrubhumi News television channel. I have perused the reply dated 18-8-2017 given by the Chief Executive Officer, Mathrubhumi News television channel.

Without prejudice to my rights, I adopt and accept the stand taken by the Chief Executive Officer, Mathrubhumi News Television Channel in his reply dated 18-8-2017.

I may add that it was not my intention to undermine the majesty of the House, which I revere the most. Any kind of misinformation and/or

miscommunication in any part of the 'Super Prime Time' telecast on 13-3-2017 was not intended to bring down the esteem of the Hon'ble Speaker. If by any unintentional act, the privilege of the House has suffered, I tender my unconditional and unequivocal apology for and on behalf of the panelists and myself.

Thanking You,

Yours Respectfully,

Sd/-

(B.Venu Gopan)

## അനുബന്ധം 6

### പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഡിസംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഡിസംബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി താഴെപ്പറയുന്ന വിഷയങ്ങളിൽ തീരുമാനമെടുത്തു:

(1) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ. മാതൃഭൂമി ന്യൂസ് ചാനലിനെതിരെ സമർപ്പിച്ച അവകാശ ലംഘന നോട്ടീസ് സംബന്ധിച്ച്</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ. മാതൃഭൂമി ചാനലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസിന്മേൽ ചാനൽ സി.ഇ.ഒ., അവതാരകൻ എന്നിവരിൽ നിന്നും ലഭ്യമായ വിശദീകരണത്തിൽ ചാനൽ അവതാരകനായ ശ്രീ. വേണു ബാലകൃഷ്ണൻ നിരുപാധികം മാപ്പുപറഞ്ഞിട്ടുണ്ടെങ്കിലും ചാനൽ സി.ഇ.ഒ. തങ്ങൾ മാധ്യമ ധർമ്മം നിറവേറ്റുന്നതിന്റെ ഭാഗമായി ചെയ്ത ഏതെങ്കിലും നടപടിമൂലം നിയമസഭയുടെ അവകാശങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന് മാപ്പപേക്ഷിച്ചിരുന്നുവെങ്കിലും മാപ്പ് നിരുപാധികമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ തീരുമാനിക്കാനാവശ്യമായ ഉപദേശം ലഭ്യമാക്കാൻ നിയമസഭാ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

സമിതിയുടെ അടുത്ത യോഗം 13-12-2017-ന് തിരുവനന്തപുരത്തുവച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

<u>അനുബന്ധം 7</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 സെപ്റ്റംബർ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 സെപ്റ്റംബർ 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. വി. എസ്. ശിവകുമാർ, എം. എൽ. എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി, മാതൃഭൂമി ന്യൂസ് ചാനലിനെതിരെ ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ. നൽകിയ അവകാശ ലംഘന പ്രശ്നത്തിന്മേൽ തുടർ നടപടികൾ സംബന്ധിച്ച വിഷയം പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>മാതൃഭൂമി ന്യൂസ് ചാനലിനെതിരെ ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ. നൽകിയ അവകാശ ലംഘന പ്രശ്നത്തിന്മേൽ തുടർ നടപടി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1142/ടേബിൾ-2/2017/നി.സെ.)

പ്രസ്തുത വിഷയത്തിൽ പരിപാടിയുടെ അവതാരകനായ ശ്രീ. വേണു ബാലകൃഷ്ണനും മാതൃഭൂമി ചാനൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. മോഹൻ നായരും സമിതി മുമ്പാകെ വിശദീകരണം സമർപ്പിച്ചിരുന്നു. നിയമസഭയുടെയോ ബഹു. സ്പീക്കറുടെയോ അന്തസ്സിനും അവകാശങ്ങൾക്കും കോട്ടം തട്ടുന്ന വിധത്തിൽ യാതൊന്നും ചാനൽ പരിപാടിയിൽ ഉണ്ടായിട്ടില്ലെന്നും പരിപാടിയിലെ പരാമർശങ്ങൾ മനഃപൂർവ്വമല്ലെന്നും അവകാശ ലംഘനം നടന്നിട്ടുണ്ടെങ്കിൽ നിർവ്യാജം മാപ്പപേക്ഷിക്കുന്നുവെന്നും ശ്രീ. വേണു ബാലകൃഷ്ണൻ വിശദീകരിച്ചുവെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. മോഹൻ നായരും മാപ്പപേക്ഷിച്ചിട്ടുണ്ടെങ്കിലും അത്തരം വിമർശനങ്ങൾ ഉന്നയിക്കാൻ മാധ്യമങ്ങൾക്ക് അവകാശമുണ്ടെന്നും കൂടി പറഞ്ഞിട്ടുണ്ടെന്നും ഭാവിയിൽ

ഇതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ സഹായകമാകുന്ന രീതിയിലുള്ള നിലപാടായിരിക്കണം സ്വീകരിക്കേണ്ടതെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ. യുടെ പരാതിയിൽ പറയുന്ന കാര്യം ശരിയാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും അവതാരകനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഖേദം പ്രകടിപ്പിച്ച സാഹചര്യത്തിൽ തുടർ നടപടികൾ എടുക്കേണ്ടതില്ലെന്നും എന്നാൽ ശ്രീ. മോഹൻ നായരുടെ വാദങ്ങളും ന്യായീകരണങ്ങളും നിലനിൽക്കുന്നതല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. അവകാശ ലംഘന നോട്ടീസ് ചട്ടപ്രകാരമല്ലെന്നുള്ള ശ്രീ. മോഹൻ നായരുടെ വിശദീകരണം സമിതി തള്ളിക്കളയുന്നുവെന്നും സഭാദ്ധ്യക്ഷന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യുന്ന പ്രവണതകളിൽ നിന്നും മാധ്യമങ്ങൾ മാറി നിൽക്കണമെന്നും സഭയുടെ അന്തസ്സ് കാത്തു സൂക്ഷിക്കുന്നതിന് പൊതുസമൂഹത്തിനും പ്രത്യേകിച്ച് മാധ്യമങ്ങൾക്കും ബാദ്ധ്യതയുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയും ഈ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 26-9-2018-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.15-ന് യോഗം അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.